# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 394 – 03/03/2020 - ലെ മറുപടിക്ക്

## സാമ്പത്തിക സഹായത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതികൾ

**ചോദ്യം** **ഉത്തരം**

**ശ്രീ.കെ.കുഞ്ഞിരാമൻ** **ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | പ്രളയക്കെടുതി മൂലമുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ച് കിട്ടുന്നതിനായി എത്ര പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ; | പ്രളയാനന്തര പുനർനിർമ്മാണത്തിനായി ദേശീയ ദുരന്ത പ്രതികരണനിധി മാനദണ്ഡമനുസരിച്ച് 5616 കോടി രൂപയുടെ പുനരധിവാസ സഹായം ആവശ്യപ്പെട്ടിരുന്നു. ഇതു കൂടാതെ പ്രത്യേക ധനസഹായമായി 5000 കോടി രൂപയുടെ പാക്കേജും ആവശ്യപ്പെട്ടിരുന്നു. പ്രളയാനന്തര പുനർ നിർമ്മാണത്തിനായും നവകേരള സൃഷ്ടിയ്ക്കായും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 ൽ ജി.എസ്.ഡി.പി -യുടെ 3 ശതമാന ത്തിൽ നിന്നും 4.5 ശതമാനമായും 2019-20 ൽ 3.5 ശതമാനമായും ഉയർത്തണമെന്നും സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്ക മേൽ ചുമത്തുന്ന ജി.എസ്.ടി യ്ക്ക് മേൽ 10% സെസ്സ് ഏർപ്പെടുത്തുവാൻ അനുവദിക്കണമെന്നും കേന്ദ്രത്തോട് അഭ്യർത്ഥിച്ചിരുന്നു. വിവിധ വകുപ്പുകൾ മുഖേനയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ധനസഹായം 10% വർദ്ധിപ്പിക്കണമെന്ന ആവശ്യവും സംസ്ഥാനം മുന്നോട്ട് വച്ചിരുന്നു. |
| (ബി) | ആയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ ഏതെങ്കിലും പദ്ധതിക്ക് തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | ദേശീയ ദുരന്ത പ്രതികരണനിധിയിൽ നിന്ന് സംസ്ഥാനത്തിന് 2904.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ കടമെടുപ്പ പരിധി ഉയർത്തുന്നതിനുള്ള സംസ്ഥാനത്തിന്റെ ആവശ്യത്തിനുമേൽ കേന്ദ്രത്തിന്റെ പ്രതികരണം ലഭ്യമായിട്ടില്ല. |

| | | |
|---|---|---|
| | | എന്നാൽ, രാജ്യത്തെ നിലവിലെ പ്രതികൂല സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കം നേരിടുന്നതിന് പൊതുവിപണിയിൽ നിന്നും 1471 കോടി രൂപ കൂടി കടമെടുക്കാൻ സംസ്ഥാനത്തിന് കേന്ദ്രസർക്കാർ ഇപ്പോൾ അനുമതി നൽകിയിട്ടുണ്ട്. ജി.എസ്.ടി-യ്ക്കു മേൽ സെസ് ഏർപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**